പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 47 — **27.09.2016** ൽ മറുപടിക്ക്

## കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് ഭേദഗതി ചെയ്യാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. സി.എഫ്. തോമസ്<br>ഡോ. എൻ. ജയരാജ് | ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്തു സാധാരണ മണ്ണിനെ ചെറുകിട ധാതുവായി പ്രഖ്യാപിച്ചു കൊണ്ടുള്ള വിജ്ഞാപനം എന്നാണ് ഇറക്കിയതെന്ന് വ്യക്തമാക്കുമോ; | (എ) | 17.11.2012 |
| (ബി) | കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ അപാകതകൾ മൂലം കൃഷി ചെയ്യുന്നതിനും കിണർ കുഴിക്കുന്നതിനും വീട് വയ്ക്കുന്നതിനുമെല്ലാം അനുമതി ലഭിക്കാത്ത സാഹചര്യങ്ങളെ സംബന്ധിച്ചുള്ള വിഷയ നിർണ്ണയ സമിതിയുടെ ശിപാർശകൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ അപാകതകൾ മൂലം കൃഷി ചെയ്യുന്നതിനും കിണർ കുഴിക്കുന്നതിനും വീട് വയ്ക്കുന്നതിനുമെല്ലാം അനുമതി ലഭിക്കാത്ത സാഹചര്യങ്ങൾ നിലവിലില്ല. വിഷയ നിർണ്ണയ സമിതിയുടെ ശുപാർശകൾ പരിശോധിച്ച് ഇതു സംബന്ധിച്ച് മറുപടി നൽകിയിട്ടുണ്ട്. വീട് നിർമ്മിക്കുന്ന സ്ഥലത്ത് നിന്നും നീക്കം ചെയ്യുന്ന മണ്ണ് ടി സ്ഥലത്ത് നിന്നും പുറത്തേയ്ക്ക് വാഹനങ്ങളിൽ കയറ്റികൊണ്ടു പോകുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിൽ റോയൽറ്റി അടച്ച് പാസ് സമ്പാദിക്കണമെന്ന വ്യവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത്. |
| (സി) | സംസ്ഥാനത്ത് ഏതാനും സെന്റ് ഭൂമിയിൽ വീടുവയ്ക്കുന്ന സന്ദർഭങ്ങളിൽ മണ്ണ് മാറ്റുന്നതിനും കെട്ടിടത്തിന്റെ അടിത്തറ നിറയ്ക്കുന്നതിനാവശ്യമായ മണ്ണ് ഇറക്കുന്നതിനും നിലവിൽ ഖനന ഭൂവിജ്ഞാന വകുപ്പിന്റെ അനുമതി തേടേണ്ടതായ വ്യവസ്ഥ നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (സി) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ബിൽഡിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ വീടുവയ്ക്കുന്ന സന്ദർഭങ്ങളിൽ മണ്ണ് മാറ്റുന്നതിന് ഖനന ഭൂവിജ്ഞാന വകുപ്പിന്റെ അനുമതി ആവശ്യമില്ല. എന്നാൽ ഇപ്രകാരം നീക്കം ചെയ്യുന്ന മണ്ണ് വാഹനങ്ങളിൽ കയറ്റി പുറത്തു കൊണ്ടുപോകുന്നതിന് ഖനന ഭൂവിജ്ഞാന വകുപ്പിൽ റോയൽറ്റി അടച്ച് പാസ് സമ്പാദിക്കേണ്ടതാണ് എന്നതാണ് നിലവിലുള്ള ചട്ടം. കെട്ടിടത്തിന്റെ അടിത്തറ നിറയ്ക്കുന്നതിനാവശ്യമായ മണ്ണ് |

ഇറക്കുന്നതിന് ഖനന ഭൂവിജ്ഞാന വകുപ്പിൽ നിന്നും പ്രത്യേക അനുമതി ആവശ്യമില്ല. എന്നാൽ ഏത് ആവശ്യത്തിലേക്കുള്ള മണ്ണും വാഹനങ്ങളിൽ കയറ്റികൊണ്ടുപോകുന്നതിന് ടി വകുപ്പിൽ നിന്നുള്ള പാസ് ആവശ്യമാണ്.

| | | | |
|---|---|---|---|
| (ഡി) | ഇപ്രകാരം ഗാർഹികാവശ്യങ്ങൾക്ക് മണ്ണ് എടുക്കുന്നതിന് നേരിടേണ്ടി വരുന്ന സങ്കീർണ്ണത ഒഴിവാക്കുന്നതിന് കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് ഭേദഗതി ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ബിൽഡിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ വീട്ട നിർമ്മിക്കുന്നതിന് മണ്ണ് മാറ്റുന്നതിന് നിലവിൽ ഖനന ഭൂവിജ്ഞാന വകുപ്പിന്റെ അനുമതി ആവശ്യമില്ല എന്നാൽ മണ്ണ് വാഹനങ്ങളിൽ കയറ്റി പുറത്തു കൊണ്ടുപോകുന്നുണ്ടെങ്കിൽ റോയൽറ്റി അടച്ച് പാസ് സമ്പാദിക്കേണ്ടതുണ്ട്. ഖനന ഭൂവിജ്ഞാന വകുപ്പിൽ ഇ-പാസ് നടപ്പിലാവുന്നതോടെ പൊതു ജനങ്ങൾക്ക് മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി ലഭിക്കുന്നതിനുള്ള നടപടി വേഗത്തിലാകുന്നതാണ്. ബിൽഡിംഗ് പെർമിറ്റിന്റെ മറവിൽ അനധികൃത മണ്ണ് ഖനനവും കടത്തലും സംബന്ധിച്ച നിരവധി സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുള്ളതും, ഇതു സംബന്ധിച്ച ബഹു. ഹൈക്കോടതിയുടെ നിരീക്ഷണത്തിന്റെയും അടിസ്ഥാനത്തിൽ കേരള മൈനർ മിനറൽ കൺസഷൻ റൂൾസിൽ ഭേദഗതി നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ട്. |

**സെക്ഷൻ ഓഫീസർ**